LIBRARY ARCHIVES Kerala Legislative Assembly

എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി

12 [2139] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുമായ സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ശതമാനം ഓഹരികളാണ് വിറ്റഴിക്കാൻ തീരുമാനിച്ചതെന്നും അവ ഏതെല്ലാം സ്ഥാപനങ്ങളാണെന്നും അവയുടെ ഓഹരികൾ വാങ്ങിയതാരെല്ലാമാണെന്നും തരംതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കുവാൻ തീരുമാനിച്ചിട്ടില്ല. എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ വിശദമായ പഠന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലെടുത്ത സർക്കാർ തീരുമാനപ്രകാരം ഇന്നേവരെ ലാഭത്തിൽ നടത്താൻ കഴിയാത്ത 10 സ്ഥാപനങ്ങളിൽ സ്വകാര്യ നിക്ഷേപം ആശ്രയിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആസ്ട്രാൾ വാച്ചസ്, കെൽട്രോൺ കൗണ്ടേഴ്സ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, ഓട്ടോകാസ്റ്റ്, കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ്, സ്റ്റീൽ കോംപ്ലക്സ്, കേരള ഗാർമെന്റ്സ്, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്നിവയാണ് അവ. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കേരള സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, ആസ്ട്രാൾ വാച്ചസ് എന്നിവയിലെ 100 ശതമാനം ഓഹരികളും ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡിന്റെ 46 ശതമാനം ഓഹരികളും വിൽക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്പനികൾക്കായി അപേക്ഷകൾ കിട്ടിയിട്ടുണ്ട്. ഇതിൽ സർക്കാർ തീരുമാനം എടുത്തിട്ടില്ല.

സംസ്ഥാനത്തുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനം

13 [2140] ശ്രീ. കെ. പി. രാജേന്ദ്രൻ:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപം എത്ര;

(ബി) സംസ്ഥാനത്തുള്ള എൻ. ടി. സി. തുണിമില്ലുകൾ ഗുരുതരമായ പ്രതിസന്ധി നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ഈ മില്ലുകളുടെ നവീകരണത്തിനായി പദ്ധതി സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?